(ബി) ബൂച്ചുകമ്മിറ്റി റിപ്പോർട്ടനുസരിച്ച് എന്തെല്ലാം സംഗതികളാണ് ഗവണ്മെണ്ടിൽനിന്നും നടപ്പാക്കുന്നത് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ബൂച്ചു കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അതേപടി സ്വീകരിക്കുന്നതിനു് ഈ ഗവണ്മെണ്ടിനു ബാദ്ധ്യതയില്ല.

(ബി) ബൂച്ചുകമ്മിറ്റിയുടെ റിപ്പോർട്ട് ഏതെങ്കിലും ഭാഗംസ്വീകാര്യമായിട്ടുള്ളതു ഗവണ്മെണ്ടിൽനിന്നും നടപ്പാക്കീട്ടുണ്ട്.

ശ്രീ. പി. നാണു : എന്നുമുതലാണ് ഗവണ്മെണ്ടു് ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതു് എന്നാണു് ഞാൻ ചോദിച്ചതു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ആ റിപ്പോർട്ട് അതേപടി സ്വീകരിക്കാൻ ഈ ഗവണ്മെണ്ടിനു യാതൊരു ബാദ്ധ്യതയും ഇല്ല. സ്വീകാര്യമായിട്ടുള്ളവ നടപ്പിലാക്കിയിട്ടുണ്ടെന്നാണു് എന്റെ മറുപടി.

ശ്രീ. പി. നാണു : എത്തെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ടു് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഏതാണ്ടം നിർദ്ദേശങ്ങൾ നടപ്പിലാക്കീട്ടുണ്ടു്. അതിൽ ഒന്നു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സ്ഥാപിക്കണമെന്നും മറ്റൊന്നു റവന്യൂ ബോർഡു സ്ഥാപിക്കണമെന്നും മറ്റുമാണു്. ഈ മാതിരിയുള്ള നിർദ്ദേശങ്ങൾ ഗവണ്മെണ്ടു സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. പി. നാണു : ഇനി ഏതെല്ലാം നടപ്പിലാക്കാൻ പോകുന്നു എന്നും അതു് എന്നത്തേക്കു നടപ്പിലാകുമെന്നും പറയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അവ എന്തെല്ലാമാണെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു : അങ്ങനെ ഇനിയും വല്ല നിർദ്ദേശങ്ങളും നടപ്പിലാക്കാൻ പോകുന്നതിനുമുമ്പു് ഈ അസംബ്ലിയിൽ ആലോചനയ്ക്കു കൊണ്ടുവന്നശേഷം നടപ്പിലാക്കാൻ ഭയമുണ്ടാകുമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : തീച്ചയായും ഇതേപ്പറ്റി ആലോചിക്കുന്നതാണു്.

ശ്രീ. സി. സി. പ്രസാദ് : ബൂച്ചുകമ്മിറ്റി റിപ്പോർട്ടിൽ നമുക്കെന്തെങ്കിലും ദോഷകരമായി നിർദ്ദേശിച്ചിട്ടുണ്ടോ ?

PRODUCTION OF SUGAR

*2392. [14] **Sri. K. Ramachandran:** Will the Hon'ble Minister for Food be pleased to state.—

(*a*) the average sugar production per month in the United State of Travancore and Cochin and the names of the various institutions indulged in this production ;

(*b*) whether Government are aware that sugar could be produced from Palmyra toddy, and

(*c*) if so, whether attempts be made to develop this source on a commercial line?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരം തയാറായിട്ടില്ല.

EX-SERVICE PERSONNEL

*2393 [15] **Sri. K. Ramachandran:** Will the Hon'ble Minister for Food and Supplies be pleased to state :

(*a*) the number of Ex-service personnel who had undergone teachers training during the year 1124 and 1125 and the number now undergoing this course;

(*b*) the nature of concessions granted to them last year;

(*c*) whether any concession is now being extended, and if not the reasons why?

The Hon'ble Sri. T. K. Narayana Pillai:

(*a*) 299; the number now undergoing the Course is 133;

(*b*) Ex-service pupil teachers were granted a stipend of Rs. 40 each per mensem last year;

LIBRARY ARCHIVES Kerala Legislative Assembly